Quantum Equipment Co. Ltd.

| | | | |
|---|---|---|---|
| **Publication** | New Age | **Language** | Malayalam |
| **News** | Karatmeter ORA Super Gold Alloy Analyzer | **Date** | 8th August 2012 |
| **Edition** | Trivandrum | **Page No.** | 08 |

# ക്വാണ്ടം എക്യുപ്മെന്റ് പുതിയ കാരറ്റ്മീറ്റർ വിപണിയിലെത്തിക്കുന്നു

കൊച്ചി: ജ്യൂവലറി മേഖലയ്ക്ക് വേണ്ടി എക്സ്. ആർ. എഫ് (Xray fluorescence) നും, ലേസർ ടെക്നോളജിക്കും വഴിയൊരുക്കിയ ക്വാണ്ടം എക്യുപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ്, ശാസ്ത്ര രംഗത്ത് ദശകങ്ങളുടെ പാരമ്പര്യമുള്ളതും ആഗോള രംഗത്തെ പ്രമുഖരുമായ ബ്രൂക്കർ നാനോ ജർമ്മനിയുമായി ചേർന്ന് കേരളത്തിൽ സിലിക്കൺ ഡ്രിഫ്റ്റ് ഡിടെക്റ്ററിനോടൊപ്പം കാരറ്റ്മീറ്റർ ഒ ആർ എ സൂപ്പർ ഗോൾഡ് അലോയ് അനലൈസർ വിപണിയിൽ അവതരിപ്പിക്കുന്നു. ശാസ്ത്രീയ ഉപകരണങ്ങളുടെ വിപണന രംഗത്ത് 50 വർഷത്തെ പ്രവർത്തിപരിചയമുള്ള ലോകോത്തര കമ്പനിയാണ് ബ്രൂക്കർ നാനോ ജർമ്മനി.ഇവരുടെ ഏറ്റവും പുതിയ എസ്ഡിഡി ഡിക്ടെക്റ്റർ ഐ എസ് ഒ അംഗീകാരമുള്ളതും 121 ഇ വി വരെ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതുമായ ഏക ഡിടെക്റ്ററാണ്. കേരളത്തിലെ ആഭരണവിപണന രംഗത്ത് ഇപ്പോഴുള്ള ആവശ്യകതയ്ക്ക് ഏറെ പരിഗണന നൽകികൊണ്ടാണ് കാരറ്റ്മീറ്റർ ഒ ആർ എ സൂപ്പർ ഡിസൈൻ ചെയ്തിരിക്കുന്നത്.സ്വർണ്ണം, വെള്ളി, പ്ലാറ്റിനം എന്നീ ലോഹങ്ങളും വിലയേറിയ മറ്റ് ലോഹങ്ങളും വളരെ വേഗത്തിലും, കൃത്യതയോട് കൂടിയും എളുപ്പത്തിൽ വിശകലനം ചെയ്യാനുതകുന്ന തരത്തിലാണ് ഈ യൂണിറ്റിന്റെ നിർമ്മാണം.വർഷങ്ങളായി സ്വർണ്ണം, വെള്ളി, പ്ലാറ്റിനം എന്നിവയിലുള്ള ആഭരണങ്ങളുടെയും മറ്റും ഗുണമേന്മ വളരെ വേഗത്തിലും, കൃത്യതയോട് കൂടിയും പരിശോധിക്കുന്നതിനായി അംഗീകരിക്കപ്പെട്ട അളവുകോലാണ് കാരറ്റ്മീറ്റർ. ഈ ഉൽപ്പന്നത്തെ മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാക്കുന്നത് ഇവയ്ക്കുള്ള ചില സവിശേഷതകളാണ്. ആട്ടോ ടെംപറേച്ചർ കോംപെൻസേഷൻ, എല്ലാ വിധ വിശകലനങ്ങൾക്കും മാനദണ്ഡമില്ലാത്ത കാലിബ്രേഷൻ, ഒരൊറ്റ യു എസ് ബി മുഖേനയുള്ള വിശകലനത്തിനുള്ള സൗകര്യം, അനുയോജ്യമായ വലിപ്പം, കോളിമെറ്റർ വ്യത്യാസങ്ങളിലൂന്നിയുള്ള പരിഷ്കാരത്തിനുള്ള സംവിധാനം, യന്ത്രവൽക്കരണത്തിനുള്ള സൗകര്യം എന്നിവയാണ് . ക്വാണ്ടം തങ്ങളുടെ ആഭരണ വിപണിയിലെ ഉൽപ്പന്നങ്ങളുടെ ശ്രേണിയിൽ കൊണ്ടുവന്നിരിക്കുന്ന മാറ്റങ്ങൾ ആഗസ്റ്റ് 23 മുതൽ 27 വരെ മുബൈയിലെ ബോംബെ എക്സിബിഷൻ സെന്ററിൽ വെച്ച് നടക്കുന്ന ഐ ഐ ജെ എസ് 2012 ജ്യൂവലറി ഷോയിൽ അവതരിപ്പിക്കും.

